# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 കെ. യു എച്ച്. ക്യൂ, തീയതി:08.10.2021

**പ്രസിദ്ധീകരണത്തിന്**

**സ്വയം സാക്ഷ്യപ്പെടുത്താം**

**12.10.2021** ന് ആരംഭിക്കുന്ന **രണ്ടാം** വർഷ **വിദൂരവിദ്യാഭ്യാസബിരുദ** (ഏപ്രിൽ 2021)പരീക്ഷകളുടെ ഹാൾടിക്കറ്റിൽ ഫോട്ടോ പതിച്ച് സ്വയം സാക്ഷ്യപ്പെടുത്താം. സ്വയം സാക്ഷ്യപ്പെടുത്തിയ ഹോൾടിക്കറ്റ് ഉപയോഗിക്കുന്നവർ ഫോട്ടോ പതിപ്പിച്ച സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ അസ്സൽ (ആധാർ/ വോട്ടേഴ്സ് ഐഡി/ ഡ്രൈവിങ് ലൈസൻസ്/ പാൻ കാർഡ്) കരുതണം.

**തീയതി നീട്ടി**

**രണ്ടാം** സെമസ്റ്റർ **ബിരുദ (**റെഗുലർ / സപ്ലിമെന്ററി / ഇമ്പ്രൂവ്മെന്റ്)**,**ഏപ്രിൽ 2021 പരീക്ഷകൾക്ക് പിഴയില്ലാതെ **15.11.2021** വരെ അപേക്ഷിക്കാവുന്നതാണ്. പ്രസ്തുത പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ ആധാർ നമ്പർ ഉപയോഗിച്ചാണ് രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടത് . ആധാർ നമ്പർ തെറ്റായതുകൊണ്ട് രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവർ അവരുടെ രജിസ്റ്റർ നമ്പറും ആധാറിന്റെ കോപ്പിയും computercell@kannuruniv.ac.in എന്ന ഇമെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്.

**പരീക്ഷാസമയത്തിൽ മാറ്റം**

**21.10.2021**ന് ആരംഭിക്കുന്ന **നാലാം** സെമസ്റ്റർ **ബിരുദ**(ഏപ്രിൽ 2021) പരീക്ഷകളുടെ സമയം തിങ്കൾ മുതൽ വ്യാഴം വരെ ഉച്ചക്ക് **1.30 മുതൽ** വൈകുന്നേരം **4.30 വരെ**യും വെള്ളിയാഴ്ചകളിൽ ഉച്ചക്ക് **2 മണി മുതൽ 5 മണി വരെ**യുമായി പുനഃക്രമീകരിച്ചു.

**പരീക്ഷാ ഫലം**

കണ്ണൂർ സർവ്വകലാശാല പഠന വകുപ്പിലെ **നാലാം** സെമസ്റ്റർ എം. എസ്.സി **മാത്തമാറ്റിക്സ്**(സി.സി.എസ്.എസ്-റെഗുലർ/ സപ്ലിമെന്ററി

)മെയ് 2021 പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനഃപരിശോധന /സൂക്ഷ്മ പരിശോധന /ഫോട്ടോകോപ്പി എന്നിവയ്ക്ക് **23.10.2021** ന് വൈകുന്നേരം **5** മണി വരെ അപേക്ഷിക്കാം.

## <u>ഗ്രേസ് മാർക്ക്</u>

**2020-21** അധ്യായന വർഷത്തിലെ(**2018 അഡ്മിഷൻ-** ബിരുദ വിദ്യാർത്ഥികളുടേത്) സ്പോർട്സ് വിദ്യാർത്ഥികൾക്കുള്ള മൂന്നാം വർഷ ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട് .പുതുക്കിയ ഗ്രേഡ് കാർഡിനായി അർഹരായ വിദ്യാർത്ഥികൾ അപേക്ഷ പരീക്ഷാ വിഭാഗത്തിൽ **18.10.2021 ന് വൈകുന്നേരം 5 മണി** ക്ക് മുമ്പായി നൽകണം. അപേക്ഷയോടൊപ്പം കൈവശമുള്ള ഗ്രേഡ് കാർഡ് സമർപ്പിക്കേണ്ടതാണ്.

## <u>വിദൂര വിദ്യാഭ്യാസ പരീക്ഷാ സമയം</u>

**12.10.2021** ന് ആരംഭിക്കുന്ന **വിദൂര വിദ്യാഭ്യാസം രണ്ടാം** വർഷ ബിരുദ പരീക്ഷയുടെ സമയം **തിങ്കളാഴ്ച്ച മുതൽ വ്യാഴാഴ്ച** വരെ **രാവിലെ 11 മണി മുതൽ 2 മണി** വരെയും ,**വെള്ളിയാഴ്ചകളിൽ** ഉച്ചയ്ക്ക് **2 മണി മുതൽ 5 മണി** വരെയുമാണ്.

## <u>ഇന്റെർണൽ മാർക്ക്</u>

**ഒന്നാം സെമസ്റ്റർ പി.ജി** പരീക്ഷകളുടെ (അഫിലിയേറ്റഡ് കോളേജുകൾ ) ഇന്റേണൽ മാർക്ക് **അപ്‌ലോഡ്** ചെയ്യുവാനുള്ള തീയ്യതി **12 .10 .2021** വരെ നീട്ടി .

## <u>പ്രായോഗിക പരീക്ഷകൾ</u>

**ഏഴാം സെമസ്റ്റർ ബി.ടെക്** (സപ്ലിമെന്ററി- 2007 അഡ്മിഷൻ മുതൽ - പാർട്ട് ടൈംഉൾപ്പടെ) നവംബർ 2019 - ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, അപ്ലൈഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് പ്രായോഗിക പരീക്ഷകൾ **ഒക്ടോബർ 12 , 13** തിയ്യതികളിൽ വിവിധ പരീക്ഷകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. പരീക്ഷ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**ഒപ്പ്/--**
**അസിസ്റ്റൻറ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**